## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3151 07.11.2019-ൽ മറുപടിയ്ക്ക്

### വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് നഷ്ടം

ചോദ്യം :

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | യഥാസമയം ബില്ലടക്കുന്നതിനുള്ള സംവിധാനമുണ്ടായിട്ടും അത് നടപ്പാക്കാത്തതിനാൽ വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് പ്രതിമാസം ലക്ഷങ്ങൾ നഷ്ടം വരുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | യഥാസമയം ബില്ലടക്കുന്നതിനുള്ള സംവിധാനമുണ്ടായിട്ടും അത് നടപ്പാക്കാത്തതിനാൽ വൈദ്യുതി ബില്ലിന്റെ പിഴ ഇനത്തിൽ റവന്യൂ വകുപ്പിന് പ്രതിമാസം ലക്ഷങ്ങൾ നഷ്ടം വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വൈദ്യുതി ബില്ലുകളുടെ കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നിലവിൽ വന്ന് മാസങ്ങൾ പിന്നിട്ടിട്ടും റവന്യൂ വകുപ്പിൽ ഇത് നടപ്പാക്കാത്തതാണോ പ്രസ്തുത പ്രശ്നത്തിന് കാരണം എന്ന് അറിയിക്കുമോ; | (ബി) | ബാധകമല്ല |
| (സി) | ഓരോ ജില്ലകളുടേതുമടക്കം പതിനഞ്ചോളം അക്കൗണ്ടുകൾ റവന്യൂ വകുപ്പിനുള്ളതിനാൽ ഏതിൽ നിന്ന് പണമെടുക്കണമെന്ന ആശയക്കുഴപ്പവും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കുന്നതിന് തടസ്സമാണോ; വ്യക്തമാക്കുമോ; | (സി) | വ്യത്യസ്ത ശീർഷകത്തിൽ നിന്നും ബില്ല് തയ്യാറാക്കാൻ നിലവിൽ സോഫ്റ്റ് വെയറിൽ സംവിധാനമില്ലെന്ന് കെ.എസ്.ഇ.ബി. അറിയിച്ചതിനാൽ കേന്ദ്രീകൃത ബില്ലുകൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ ഭീമമായ സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് അറിയിക്കുമോ? | (ഡി) | കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേയ്ക്ക് മാറാത്തതിനാൽ വൈദ്യുത ബില്ലിന്റെ പിഴയിനത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആകയാൽ ഇക്കാര്യത്തിൽ നടപടി ആവശ്യമുണ്ടെന്നു കാണുന്നില്ല. |

സെക്ഷൻ ഓഫീസർ